പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 223

06.02.2018 ന് മറുപടിയ്ക്ക്.

## ഐ.റ്റി.ഐ.കളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി :<br>ശ്രീ. റ്റി.വി. രാജേഷ് :<br>ശ്രീ. എം. നൗഷാദ് :<br>ശ്രീ. എം. സ്വരാജ് : | (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സർക്കാർ ഐ.ടി.ഐ.കളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 1. **ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്.**<br>10 ഐ.ടി.ഐ.കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ ധനസഹായത്തോടു കൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ.ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിവവാരത്തിലുള്ള ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>2. **ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ**<br>വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 24 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഇതിനു പുറമേ 10 ഐ.ടി.ഐ.കൾക്ക് കൂടി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.യിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993 : 2017 നായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. |

3. **വെർച്ച്വൽ ക്ലാസ് റൂം പദ്ധതി**

സംസ്ഥാനത്തെ 34 ഐ.ടി.ഐ.കളിൽ വെർച്ച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

4. **3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്**

മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തിയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്ന വിഷയം തുടങ്ങിയവ ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു.

5. **ഐ.ടി.ഐ. വെബ്സൈറ്റ്**

വകുപ്പിന് കീഴിലുള്ള 74 സർക്കാർ ഐ.ടി.ഐ.കൾക്ക് പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

6. **വ്യാവസായിക പ്രമുഖ സ്ഥാപനങ്ങളുമായുള്ള സഹകരണം**

ഐ.ടി.ഐ.കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി മെ. മാരുതി സുസുകി, മെ. വോക്സ് വാഗൺ, മെ.ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, മെ. മഹീന്ദ്ര & മഹീന്ദ്ര, മെ. സാംസങ് തുടങ്ങിയ കമ്പനികളുമായി വിവിധ ഐ.ടി.ഐ.കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

7. **പ്ലേസ്മെന്റ് സെൽ**

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.കളിൽ രൂപീകരിച്ചിട്ടുണ്ട്.

| | |
|---|---|
| | **8 സംരഭകത്വ വികസനക്ലബ്ബ് (എന്റർപ്രണർ ഷിപ്പ് ഡവലപ്മെന്റ് ക്ലബ്ബ്)** വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.കളിലും സംരഭകത്വ വികസന ക്ലബ്ബുകൾ രൂപികരിച്ചിട്ടുണ്ട്. സംരഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) വിവിധ സർക്കാർ, സ്വകാര്യ ഐ.ടി.ഐ.കളിൽ നിന്ന് ട്രേഡ് ടെസ്റ്റ് വിജയിച്ച ഉദ്യോഗാർത്ഥികൾക്കായി ജോബ് ഫെയർ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) വ്യാവസായിക പരിശീലന വകുപ്പ് 2017 നവംബർ, ഡിസംബർ മാസങ്ങളിലായി 14 ജില്ലകളിലും സ്പെക്ട്രം 2.0 എന്ന പേരിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും ആയതിൽ കേരളത്തിനകത്തും പുറത്തും നിന്നുള്ള 683 കമ്പനികൾ പങ്കെടുക്കുകയും 10,729 തൊഴിലവസരങ്ങൾ ഓഫർ ചെയ്യുകയുമുണ്ടായി. 22,148 ഉദ്യോഗാർത്ഥികൾ പങ്കെടുത്ത ഈ തൊഴിൽ മേള വഴി 10218 പേർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും ഇതിനോടകം 3600 പേർക്ക് നിയമനം ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) എല്ലാ ഐ.ടി.ഐ.കളിലും ജില്ലാ വ്യവസായ കേന്ദ്രവുമായി ചേർന്ന് എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ജില്ലാ വ്യവസായ കേന്ദ്രവുമായി ചേർന്ന് വകുപ്പിന് കീഴിലുള്ള 48 ഐ.ടി.ഐ.കളിൽ എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഐ.ടി.ഐ. കളിൽ എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഐ.ടി.ഐ കാമ്പസുകൾ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ലഹരിവിമുക്ത ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട് കൂടാതെ വകുപ്പ് തലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഡയറക്ടേറ്റ് തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ